**14-ാം കേരള നിയമ സഭ**
**2-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2846** **17.10.2016-ൽ മറുപടിയ്ക്ക്**

## പാരിപ്പള്ളി മെഡിക്കൽ കോളേജ്

**ചോദ്യം**

**ശ്രീ.ജി.എസ്.ജയലാൽ :**

പാരിപ്പള്ളി മെഡിക്കൽ കോളേജ് സംബന്ധമായി 26..9.2016 ലെ 231-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ കെട്ടിടങ്ങളുടെ താക്കോലുകളും യന്ത്രോപകരണങ്ങളുടെ വിവരങ്ങളും ഇ.എസ്.ഐ കോർപ്പറേഷൻ കൈമാറിയിട്ടില്ലെന്നും ഡൽഹി ഹൈക്കോടതി യുടെ ഒരു സ്റ്റേ ഉത്തരവുള്ളതിനാൽ പ്രസ്തുത മെഡിക്കൽകോളേജ് കൈമാറൽ പ്രക്രിയ താല്ക്കാലികമായി നിർത്തിവെച്ചിരിക്കുക യാണെന്നും വ്യക്തമാക്കിയിട്ടുള്ളതിനാൽ പ്രസ്തുത സ്റ്റേ അടിയന്തരമായി നീക്കിക്കിട്ടാനും മെഡിക്കൽ കോളേജ് കൈമാറ്റ പ്രക്രിയ അടിയന്തരമായി പൂർത്തിയാക്കാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

ഡൽഹി ഹൈക്കോടതിയുടെ ഒരു സ്റ്റേ ഉത്തരവ് ചൂണ്ടിക്കാണിച്ചുകൊണ്ട് മെഡിക്കൽ കോളേജ് കൈമാറൽ പ്രക്രിയ താല്ക്കാലികമായി നിർത്തിവയ്ക്കുവാനുള്ള ഇ.എസ്.ഐ കോർപ്പറേഷൻ ആസ്ഥാനത്ത് നിന്നുള്ള നിർദ്ദേശം പാരിപ്പള്ളി ഇ.എസ്.ഐ. കോർപ്പറേഷൻ ആശുപത്രി സൂപ്രണ്ടിനെ സെപ്റ്റംബറിൽ അറിയിക്കുകയുണ്ടായി.

കേരള സർക്കാർ ഈ കേസിൽ കക്ഷിയില്ലാത്തതിനാൽ, സ്റ്റേ ഉത്തരവ് പിൻവലിക്കുവാനായി ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ആസ്ഥാന-വുമായി നിരന്തരം ബന്ധപ്പെട്ടുകയു-ണ്ടായിട്ടുണ്ട്. ഒക്ടോബർ മാസം മൂന്നാം തീയതി ഈ കേസ് ഡൽഹി ഹൈക്കോടതി പരിഗണിക്കുകയും ഇ.എസ്.ഐ. കോർപ്പറേഷനും കേരള സർക്കാരും തമ്മിലുള്ള കരാർ പ്രകാരം മെഡിക്കൽ കോളേജ് കൈമാറൽ പ്രക്രിയ തുടരുവാൻ യാതൊരു തടസ്സവുമില്ല എന്ന് ഭേദഗതി വരുത്തിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ കൈമാറൽ പ്രക്രിയ പൂർത്തിയാക്കുവാനായി ഇ.എസ്.ഐ. കോർപ്പറേഷൻ ആസ്ഥിനത്തു നിന്നും പാരിപ്പള്ളി ഇ.എസ്.ഐ.

കോർപ്പറേഷൻ ആശുപത്രി സൂപ്രണ്ടിനു ഒക്ടോബർ മാസം പതിനാലാം തീയതി നിർദ്ദേശം ലഭിക്കുകയും അതിലേയ്ക്കായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള പ്രക്രിയകൾ ത്വരിതമായി നടപ്പിലാക്കുമെന്ന് അറിയിച്ചു കൊള്ളുന്നു.

**സെക്ഷൻ ഓഫീസർ**